മുമ്പാകെ വിഷയങ്ങൾ സമർപ്പിക്കുന്നു. സംസ്ഥാന ഭക്ഷ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ SPeMT (State Project e-Mission Team) രൂപ വൽക്കരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ ധനകാര്യവകുപ്പ്, ഐ.ടി. വകുപ്പ്, ഐ.ടി. മിഷൻ, SeMT, എൻ.ഐ.സി., WFP തുടങ്ങിയവയുടെ പ്രതിനിധികൾ അംഗങ്ങളാണ്. വിവിധ വിഷയങ്ങളിൽ ജെപിയ്ക്ക് കമ്മിറ്റിക്ക് ശുപാർശ നൽകുന്നത് SpeMT-യാണ്. SpeMT-യ്ക്ക് സാങ്കേതിക വിഷയങ്ങളിൽ ശിപാർശ നൽകുന്നതിനായി സിവിൽ സപ്ലൈസ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ Technical Committee രൂപീകരിച്ചിട്ടുണ്ട്. വിവിധ സാങ്കേതിക വിഷയങ്ങളിലുള്ള ശിപാർശകൾ ടെക്നിക്കൽ കമ്മിറ്റി ചർച്ച ചെയ്ത് SpeMT-യ്ക്ക് സമർപ്പിക്കുന്നു. NICSI മുഖേന നിയമിക്കപ്പെട്ടിട്ടുള്ള കമ്പ്യൂട്ടർ പ്രോഗ്രാമർമാർപ്പെടുന്ന ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനേയും (PIU) ഡാറ്റാബേസ് കൈകാര്യം ചെയ്യുന്നതിന് Postgre SQL ഡാറ്റാബേസ് വിദഗ്ദ്ധരേയും നിയമിച്ചിട്ടുണ്ട്. വേൾഡ് ഫുഡ് പ്രോഗ്രാം (WFP))-മിന്റെ സാങ്കേതിക സഹായം പ്രോജക്ടിന് ലഭ്യമാണ്. കൂടാതെ 3-10-15-ലെ സ.ഉ. (കൈ)നം. 25/15/ഭ.സി.സ.വ. പ്രകാരം കെൽട്രോണിനെ സിസ്റ്റം ഇന്റഗ്രേറ്ററായി നിയമിച്ചിട്ടുണ്ട്.

കമ്പ്യൂട്ടറൈസേഷൻ പദ്ധതി

260 (1344) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും മന്ത്രിസ്ഥാനം വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) പൊതുവിതരണ വകുപ്പിൽ നടപ്പിലാക്കിയ കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണ്;

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) പൊതുവിതരണ വകുപ്പിൻ കീഴിലുള്ള ഏതെല്ലാം ആഫീസുകൾ നാളിതുവരെ പൂർണ്ണമായും കംപ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പൊതുവിതരണ വകുപ്പിൽ നടപ്പിലാക്കുന്ന കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ ഭാഗമായി വകുപ്പുതലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് മന്ത്രിസഭയുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് പ്രോജക്ട് ഇ-മിഷൻ ടീം, സിവിൽ സപ്ലൈസ്

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷണർ അദ്ധ്യക്ഷനായുള്ള ടെക്നിക്കൽ കമ്മിറ്റി എന്നിവ ഭരണ തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. അതോടൊപ്പം NICSI മുഖേന നിയമിക്കപ്പെട്ടിട്ടുള്ള കമ്പ്യൂട്ടർ പ്രോഗ്രാമർമാരുൾപ്പെടുന്ന ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനേയും (PIU) ഡാറ്റാബേസ് കൈകാര്യം ചെയ്യുന്നതിന് Postgre SQL ഡാറ്റാബേസ് വിഭാഗത്തേയും നിയമിച്ചിട്ടുണ്ട്. വേൾഡ് ഫുഡ് പ്രോഗ്രാം (WFP)-യുടെ സാങ്കേതിക സഹായം പ്രോജക്ടിന് ലഭ്യമാണ്. കൂടാതെ 3-10-15-ലെ സ.ഉ. (കൈ)നമ്പർ 25/15/ഭ.സി.സ.വ. പ്രകാരം കെൽട്രോണിനെ സിസ്റ്റം ഇന്റഗ്രേറ്ററായി നിയമിച്ചിട്ടുണ്ട്. സെർവറുകൾ വാങ്ങുന്നതിനും വിവിധ സോഫ്റ്റ് വെയറുകൾ തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നതോടൊപ്പം എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിലും കമ്പ്യൂട്ടറുകളും നെറ്റ്വർക്കും ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ മോഡൽ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ 22 റേഷൻ കടകളിൽ 11 എണ്ണത്തിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി കേന്ദ്രഗവൺമെന്റ് വിഹിതമായി ലഭിച്ച 7.3 കോടി രൂപയിൽ 6.23 കോടി രൂപയും നടപ്പുസാമ്പത്തിക വർഷം (2015-16) സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ 10 കോടി രൂപയിൽ 1.3 കോടി രൂപയും ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(സി) പൊതുവിതരണ വകുപ്പിൻകീഴിലുള്ള 69 താലൂക്ക് സപ്ലൈ ഓഫീസുകളിലും 14 ജില്ലാ സപ്ലൈ ഓഫീസുകളിലും റേഷൻ ഉപഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന ജോലികളുടെ ഭാഗമായി കമ്പ്യൂട്ടറുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ പുതുതായി രൂപവത്ക്കരിക്കപ്പെട്ട 12 താലൂക്കുകളിലേക്കാവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കെൽട്രോൺവഴി വാങ്ങുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.

കമ്പ്യൂട്ടറൈസേഷൻ പദ്ധതിക്കായി നിയമനം

261 (1345) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ വകുപ്പിൽ റേഷനിംഗ് കൺട്രോളർ തസ്തികയിൽ നിന്നും ഒരു വർഷം മുൻപ് വിരമിച്ച ഉദ്യോഗസ്ഥന് പ്രസ്തുത വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ പദ്ധതിക്കായി പുനർനിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു തസ്തികയിൽ;

(ബി) പ്രസ്തുത തസ്തിക, നിയമനം എന്നിവയ്ക്ക് വകുപ്പുമന്ത്രിയുടേയോ മന്ത്രി സഭയുടെയോ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly